**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **10.07.2012 ൽ**

**ചോദ്യം നമ്പർ. 5984** **മറുപടിയ്ക്ക്**

**പി.എം.ജി.എസ്. വൈ. റോഡ് നിർമ്മാണ കരാറുകാരുടെ പിൻവാങ്ങൽ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി | **ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)** |
| പി.ഡബ്ല്യിയു.ഡി. റേറ്റ് ലഭിക്കാത്തത് കൊണ്ടും സ്വന്തം ചെലവിൽ ലാബ്, എഞ്ചിനീയർമാരുടെ സേവനം ലഭ്യമാക്കൽ തുടങ്ങിയ പ്രശ്നങ്ങൾ മൂലമാണ് പി.എം.ജി.എസ്.വൈ പ്രകാരമുള്ള റോഡുകളുടെ നിർമ്മാണം ഏറ്റെടുത്ത കരാറുകാർ പിൻവാങ്ങുന്നത് എന്നതിനാൽ ഇവ പരിഹരിക്കുന്നതിനും അനുമതി ലഭിച്ച റോഡുകളുടെ നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | പി.എം.ജി.എസ്.വൈ പ്രവർത്തികൾ ഏറ്റെടുക്കുന്നതിൽനിന്നും കാരാറുകാർ പിൻവാങ്ങുന്ന സാഹചര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 23/6/2012 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 176/2012/ത.സ്വ.ഭ.വ പ്രകാരം താഴെ പരാമർശിക്കും പ്രകാരമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>1. ഫേസ് 2 മുതൽ 7 വരെ മുടങ്ങിക്കിടക്കുന്ന 33 റോഡുകൾക്ക് 2010 SOR അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യുക<br>2. ഫേസ് VII ൽ ടെണ്ടർ ലഭിച്ച 24 റോഡുകൾക്ക്, ടെണ്ടർ ചെയ്യാനുള്ള 33 പ്രവർത്തികൾക്കും റീ ടെണ്ടർ ചെയ്ത 247 റോഡുകൾക്കും പരമാവധി 35% വരെ തുക ടെണ്ടർ പ്രീമിയം നൽകി അവാർഡ് ചെയ്യുക<br>3. 15/3/2012 ലെ CE/R&B/2012/TVM ഇനം (7) ലെ തീരുമാനപ്രകാരം പൊതുമരാമത്ത് വകുപ്പിൽ നൽകിയ 42% അധിക ടെണ്ടർ പ്രീമീയം പി.എം.ജി.എസ്.വൈയ്ക്കും ബാധകമാക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**